"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് - മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.01.2024 ആയി പുന:നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.68/2024/H&FWD തിരുവനന്തപുരം, തീയതി, 11-01-2024

---

പരാമർശം:-

1. 10.11.2023 തീയതിയിലെ സ.ഉ(സാധാ) നം. 2984/2023/ ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്.
2. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് സെക്രട്ടറിയുടെ 11.10.2023 തീയതിയിലെ 612/Accts/KSCCE/2023 നമ്പർ കത്ത്.
3. 14.09.2023 തീയതിയിൽ നടന്ന കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിന്റെ 6-ാമത് സംസ്ഥാന കൗൺസിൽ യോഗം.
4. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 1365/2019(U) നമ്പർ കേസിലെ 20.12.2023 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം 01.01.2019 ന് മുൻപ് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് താൽക്കാലിക രജിസ്ട്രേഷൻ നേടേണ്ടതെന്നും താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ച് നാലര വർഷമായിട്ടും ഇനിയും രജിസ്ട്രേഷൻ നേടാത്ത സ്ഥാപനങ്ങൾ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ, ചട്ടം 15(8) പ്രകാരം സ്ഥിരം രജിസ്ട്രേഷൻ നേടേണ്ടതാണെന്നും 14.09.2023 തിയതിയിൽ നടന്ന 6-ാമത് സംസ്ഥാന കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.12..2023 ആയി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പരാമർശം (4) പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതിയുടെ 20.12.2023 തീയതിയിലെ WP(C) No. 1365/2019(U) നമ്പർ കേസിലെ ഉത്തരവ് പ്രകാരം മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.01.2024 ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് എന്നീ വിഭാഗങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ സംവിധാനം അവസാനിപ്പിക്കുന്ന തീയതി 31.01.2024 ആയി പുന:നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

പകർപ്പ്.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. ( ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്,
തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്),കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HEALTH-FW1/182/2023-HEALTH )

ഉത്തരവിൻ പ്രകാരം,

Signed by
Vipin Kumar S
Date: 11-01-2024 16:19:04
സെക്ഷൻ ഓഫീസർ